ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:07.10.2026**

## പ്രധാനവാർത്തകൾ

1. പൊതുസേവനത്തിൽ 25 വർഷം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി; ജനങ്ങളുടെ വിശ്വാസവും പാർട്ടി പ്രവർത്തകരുടെ സമർപ്പണവും കരുത്തെന്ന് പ്രധാനമന്ത്രി.

2. റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് വർധിപ്പിച്ച് റിസർവ് ബാങ്കിന്റെ പണനയ പ്രഖ്യാപനം.

3. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വി ഡി സതീശൻ എൻടിപിസിയുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തി.

4. കെഎസ്ആർടിസിയുടെ കാർഗോ സർവ്വീസ് ഗതാഗതമന്ത്രി സി പി ജോൺ ഇന്ന് ഉദ്ഘാടനം ചെയ്യും

5. കേരളഗാന്ധി കെ കേളപ്പൻ ഓർമ്മയായിട്ട് ഇന്ന് അഞ്ചരപ്പതിറ്റാണ്ട് തികയുന്നു

6. അവസാനമത്സരത്തിലും ആരാധകരെ ആനന്ദിപ്പിച്ച് അന്താരാഷ്ട്രമത്സരങ്ങളിൽ നിന്ന് വിടചൊല്ലി ഇതിഹാസതാരം ലിയോണൽ മെസി.

RNUTVPM

## പി എം – വികസിത് ഭാരത് സങ്കൽപ് (ഇൻട്രോ)

ജനങ്ങളുടെ വിശ്വാസവും ദശലക്ഷക്കണക്കിന് പാർടി പ്രവർത്തകരുടെ സമർപ്പണവുമാണ് ഭരണനിർവ്വഹണത്തിൽ തനിക്ക് കരുത്തേകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ വികസിത് ഭാരത് സങ്കൽപ് സഭയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ന് രാവിലെ ശ്രീ വിനായക ക്ഷേത്രം സന്ദർശിച്ച് രാജ്യത്തിന്റെ പുരോഗതിക്കായും 140 കോടി പൗരന്മാരുടെ ക്ഷേമത്തിനായും പ്രാർത്ഥിച്ചു. പൂർണ സമർപ്പണത്തോടെ ജനങ്ങളെ രാപകൽ സേവിക്കുന്നതിനായി തനിക്ക് കൂടുതൽ കരുത്തും ഊർജവും പ്രദാനം ചെയ്യണമെന്ന് പ്രാർത്ഥിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. 25 വർഷത്തെ ഭരണനേതൃത്വത്തിലൂടെ നേടിയെടുത്ത അനുഭവപാഠവും ജനങ്ങൾ അർപ്പിച്ച വിശ്വാസവും വലിയ സമ്പത്താണെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയ്സ്...)

RNU TVPM

☸ ☸ ☸ ☸ ☸ ☸ ☸

## ആഭ്യന്തരമന്ത്രി - പ്രധാനമന്ത്രി

പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ആഭ്യന്തരമന്ത്രി അമിത് ഷാ അഭിനന്ദിച്ചു. ഇതുസംബന്ധിച്ച് ഗുജറാത്ത് മുഖ്യമന്ത്രി എന്ന നിലയിലും പ്രധാനമന്ത്രി എന്ന നിലയിലും അദ്ദേഹം നടത്തിയ അശ്രാന്ത പരിശ്രമങ്ങളും സമർപ്പണവും പാവപ്പെട്ടവരുടെ ക്ഷേമത്തിനും, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും അഭിവൃദ്ധിക്കും അടിത്തറയിട്ടതായി ആഭ്യന്തരമന്ത്രി ചൂണ്ടിക്കാട്ടി. കൃത്യമായ ഫലം ഉറപ്പാക്കുന്ന ഭരണശൈലിയിലൂടെ പുതിയ മാതൃക സൃഷ്ടിക്കാൻ പ്രധാനമന്ത്രിക്ക് സാധിച്ചതായും ആഭ്യന്തരമന്ത്രി പറഞ്ഞു.

☸ ☸ ☸ ☸ ☸ ☸ ☸

## നിതിൻ നബീൻ – പ്രധാനമന്ത്രി

പൊതുസേവനം ജീവിതത്തിന്റെ ഏക ലക്ഷ്യമാക്കിയ വ്യക്തിയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയെന്നും, രാഷ്ട്രീയത്തെ അദ്ദേഹം രാജ്യത്തെ സേവിക്കാനുള്ള മാർഗ്ഗമായാണ് കണ്ടതെന്നും

ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ. വലിയ ആഗോള വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടി വന്നിട്ടും, സമൂഹത്തിലെ പാവപ്പെട്ടവരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും ക്ഷേമത്തിനാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി മുൻഗണന നൽകിയിട്ടുള്ളതെന്നും ബിജെപി അധ്യക്ഷൻ പറഞ്ഞു.

## മോദി -25 വർഷം

പ്രധാനമന്ത്രി നരേന്ദ്ര മോദി പൊതു സേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിൽ 30 കേന്ദ്രങ്ങളിൽ ബിജെപിയുടെ നേതൃത്വത്തിൽ സേവ ജ്യോതി യാത്ര നടത്തും.

## പണനയ പ്രഖ്യാപനം

റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് വർധിപ്പിച്ച് 5.50 ശതമാനമാക്കി റിസർവ് ബാങ്കിന്റെ പണനയ പ്രഖ്യാപനം. പണപ്പെരുപ്പവും ക്രൂഡ് ഓയിൽ വില വർദ്ധനയുമാണ് തീരുമാനത്തിന് പിന്നിലെ പ്രധാന ഘടകങ്ങൾ. മൂന്ന് വർഷത്തിന് ശേഷമുള്ള വർധനവ് ഭവന, വാഹന വായ്പകളുടെ ഇഎംഐ വർദ്ധനയ്ക്ക് കാരണമാകും.

RIUTVPM

## വി ഡി സതീശൻ

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വി ഡി സതീശൻ എൻടിപിസിയുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തി. കായംകുളത്ത് 2000 മെഗാവാട്ട് ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കാനും മഹാരാഷ്ട്രയിൽ നിന്ന് 300 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാനും തീരുമാനമായതായാണ് സൂചന. പുനരുപയോഗ ഊർജ സംഭരണം, അധിക വൈദ്യുതി ലഭ്യത, സാങ്കേതിക സഹകരണം എന്നിവയുൾപ്പെടെയുള്ള സുപ്രധാന മേഖലകളിലും ധാരണയിലെത്തി.

## കെഎസ്ആർടിസി കാർഗോ

കെഎസ്ആർടിസിയുടെ കാർഗോ സർവ്വീസിന് ഇന്നു തുടക്കമാകും. ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് പുതിയ സേവനം ആരംഭിക്കുന്നത്. പുതിയ സേവനത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരം വിമാനത്താവളത്തിലെ ആഭ്യന്തര കാർഗോ ടെർമിനലിൽ മന്ത്രി സിപി ജോൺ നിർവഹിക്കും.

## മെസി (ഇൻട്രോ)

അർജന്റീന ജഴ്സിയിൽ അവസാന മത്സരത്തിനിറങ്ങി ലിയോണൽ മെസി.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട് ................**

**(വോയ്സ്)**

RNU TVPM

## കെ. കേളപ്പൻ

കേരള ഗാന്ധി കെ. കേളപ്പൻ ഓർമ്മയായിട്ട് അഞ്ചരപ്പതിറ്റാണ്ട്. മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ നിയമ ലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായി പയ്യന്നൂർ കോഴിക്കോട് എന്നിവിടങ്ങളിലെ ഉപ്പുസത്യാഗ്രഹത്തിന് കേളപ്പൻ നേതൃത്വം നൽകി. മഹാത്മാഗാന്ധി ആരംഭിച്ച വ്യക്തി സത്യാഗ്രഹത്തിൽ കേരളത്തിലെ ആദ്യ സത്യാഗ്രഹി ആയി തെരഞ്ഞെടുക്കപ്പെട്ടു. വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങളിൽ സജീവ സാന്നിദ്ധ്യമായി. 1942-ലെ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഷ്ഠിച്ചു. അയിത്തോച്ചാടന പ്രചാരണത്തിന്റെ ഭാഗമായി ജാതിപ്പേർ ഉപേക്ഷിച്ച് കെ. കേളപ്പൻ മാതൃകയായി.

## ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ

സംസ്ഥാന സർക്കാരിൻറെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി, തിരുവനന്തപുരം ജില്ലയിൽ 16 ജനകീയ ആരോഗ്യ

കേന്ദ്രങ്ങളുടെയും ഒരു അർബൻ ആരോഗ്യ കേന്ദ്രത്തിൻറെയും നിർമാണോദ്ഘാടനം ഇന്ന് നടക്കും. പെരിങ്ങമല കുടുംബാരോഗ്യ കേന്ദ്രത്തിൽ മന്ത്രി കെ. മുരളീധരൻ നിർമാണ പ്രവൃത്തികൾ ഉദ്ഘാടനം ചെയ്യും.

## പാലക്കാട് (ഇൻട്രോ)

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ ശുചിത്വ പ്രവർത്തനങ്ങൾ തുടരുന്നതിനും വിലയിരുത്തുന്നതിനുമായി ത്രിതല പഞ്ചായത്ത് തലങ്ങളിൽ മേൽനോട്ട സമിതികൾ രൂപീകരിക്കുന്നു.ഇതിനായി തദ്ദേശ വകുപ്പും ശുചിത്വ മിഷനും സംയുകതമായാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.
**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**
**(വോയ്സ്)**

RNU TVPM

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ ഇന്ന് രാത്രി വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

## മൂഴിയാർ ഡാം

പത്തനംതിട്ട മൂഴിയാർ ഡാമിന്റെ ഷട്ടറുകൾ ഉയർത്താൻ സാധ്യത. കക്കാട്ടാറിന്റെയും, പമ്പാ നദിയുടെയും ഇരുകരകളിലും താമസിക്കുന്നവരും, പൊതുജനങ്ങളും ജാഗ്രത പുലർത്തേണ്ടതാണ്.

## ഇടുക്കി (ഇൻട്രോ)

പ്രശസ്ത വിനോദസഞ്ചാര കേന്ദ്രമായ വാഗമണ്ണിലെ ഗ്ലാസ് ബ്രിഡ്ജ് ഉടൻ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കും. സാങ്കേതിക

തകരാറുകളെ തുടർന്ന് മാസങ്ങളായി അടഞ്ഞുകിടന്ന പാലം ഒരു മാസത്തിനകം തുറക്കാനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. പാലത്തിന്റെ ബലക്ഷമത വർദ്ധിപ്പിച്ച ശേഷമാണ് സഞ്ചാരികൾക്കായി വീണ്ടും തുറന്നുകൊടുക്കുന്നത്.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........**
(വോയ്സ്)

❁❁❁❁❁❁❁

## ഇൻഫ്ലുവൻസ

സംസ്ഥാനത്ത് ഇൻഫ്ലുവൻസ മൂലമുള്ള മരണങ്ങളിൽ വർധനവുണ്ടായതായി റിപ്പോർട്ട്. 60 വയസ്സിനു മുകളിൽ പ്രായമുള്ളവരും ഗുരുതര രോഗങ്ങളുള്ളവരും വാക്സിൻ എടുക്കണമെന്ന് റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്.

❁❁❁❁❁❁❁

## ശബരിമല

തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഈ മാസം 17 ന് തുറക്കും. ഇന്ന് മുതൽ സന്നിധാനത്ത് ദിവസവും 400 റൂമുകൾ ഓൺലൈനായി ബുക്ക് ചെയ്യാൻ സാധിക്കും. ശബരി ഗസ്റ്റ് ഹൗസിലും ഇനിമുതൽ ഓൺലൈനായി പത്തു റൂമുകൾ ബുക്ക് ചെയ്യാനാകും. തുലാം ഒന്നായ 18 ന് രാവിലെ എട്ടിനു ശബരിമല, മാളികപ്പുറം മേൽ ശാന്തിമാരുടെ നറുക്കെടുപ്പ് നടക്കും

RNU TVPM

❁❁❁❁❁❁❁

## അഷ്ടമുടി മ്യൂസിക് ഫെസ്റ്റിവൽ

അഷ്ടമുടി വാട്ടർ ഗേറ്റ് മ്യൂസിക് ഫെസ്റ്റിവൽ' ഇന്ന് ആരംഭിക്കും. സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ 'കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ ഈ മാസം 11 വരെ നടക്കുന്ന ഫെസ്റ്റിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാകാരന്മാർ പങ്കെടുക്കും. എല്ലാ ദിവസവും വൈകിട്ട് ഏഴുമുതൽ സംഗീതപരിപാടികൾ അരങ്ങേറും.

❁❁❁❁❁❁❁